പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2667

14/02/2013-ൽ
മറുപടിയ്ക്കു്

**ദേവസ്വം നിയമനങ്ങൾ**

ചോദ്യം
ശ്രീ. ജി. സുധാകരൻ

ഉത്തരം
ശ്രീ. വി.എസ്. ശിവകുമാർ,
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
വകുപ്പു മന്ത്രി.

| | |
|---|---|
| എ) ദേവസ്വം നിയമനങ്ങൾ പി.എസ്.സി.ക്ക് വിട്ട നിയമം റദ്ദാക്കിയതിന്റെ കാരണം വിശദമാക്കുമോ;<br><br>ബി) ദേവസ്വം നിയമനത്തിന് നിലവിലുള്ള സംവിധാനം എന്താണെന്നു വ്യക്തമാക്കുമോ; | എ) & ബി) തിരുവിതാംകൂർ ദേവസ്വം ബോർഡിലെ അഴിമതികളെ കുറിച്ച് അന്വേഷിക്കുവാൻ 2007 -ൽ ബഹു. ഹൈക്കോടതി നിയോഗിച്ച ജസ്റ്റിസ് പരിപൂർണ്ണൻ കമ്മീഷൻെറ റിപ്പോർട്ടിൽ കേരളത്തിലെ ദേവസ്വം ബോർഡുകൾക്ക് വേണ്ടി ഒരു ഏകീകൃത ദേവസ്വം റിക്രൂട്ടുമെൻറ് ബോർഡ് വേണമെന്ന് ശുപാർശ ചെയ്തിരുന്നു. ഈ റിപ്പോർട്ടിലെ നിർദ്ദേശങ്ങളോട് യോജിക്കുന്നുവെന്ന് അന്നത്തെ സർക്കാരും ദേവസ്വം ബോർഡും ഹൈക്കോടതിയെ അറിയിക്കുകയും 25/08/2008 -ലെ വിനിധിന്യായത്തിൽ കോടതി അത് രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഒരു സെക്കുലർ സ്ഥാപനമായ പി.എസ്.സി ഹിന്ദുമത സ്ഥാപനങ്ങളായ ദേവസ്വം ബോർഡുകളിലേക്ക് അപേക്ഷ ക്ഷണിച്ച് സെലക്ഷൻ നടത്തുന്നതിലെ അനൗചിത്യം ചൂണ്ടിക്കാണിച്ച് ചില നിവേദനങ്ങളും സർക്കാരിന് ലഭിച്ചിരുന്നു. ഇതിൻെറ യെല്ലാം അടിസ്ഥാനത്തിലാണ് ദേവസ്വം നിയമനങ്ങൾ പി.എസ്.സി. ക്ക് വിട്ടുകൊണ്ടുള്ള നിയമം റദ്ദ് ചെയ്യാൻ സർക്കാർ നടപടി എടുത്തത്. പകരം ഒരു ഏകീകൃത ദേവസ്വം റിക്രൂട്ടുമെൻറ് ബോർഡ് രൂപീകരിക്കാൻ സർക്കാർ തീരുമാനി ച്ചിട്ടുണ്ട്. |
| സി) ഏതെല്ലാം ദേവസ്വങ്ങളിലെ നിയമനമാണ് പുതിയ സംവിധാനത്തിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നതെന്നും ഏതെല്ലാം തസ്തികകളിൽ നിയമനം നടത്തുന്നതിന് പുതിയ സംവിധാനത്തിന് അധികാരമുണ്ടാകുമെന്നും വിശദമാക്കുമോ; | സി) തിരുവിതാംകൂർ, മലബാർ, കൊച്ചിൻ എന്നീ ദേവസ്വം ബോർഡുകളിലെയും ഗുരുവായൂർ, കൂടൽമാണിക്യം എന്നീ ദേവസ്വങ്ങളിലെയും പാരമ്പര്യ തസ്തികകളിലൊഴികെ മിനിസ്റ്റീരിയൽ ജീവനക്കാർ, ക്ഷേത്ര ജീവനക്കാർ, ബോർഡുകളിലെയും ദേവസ്വങ്ങളുടെയും കീഴിലുള്ള വിദ്യാഭ്യാസ, സാംസ്കാരിക, സാങ്കേതിക സ്ഥാപനങ്ങളിലെ ജീവനക്കാർ എന്നിവരെ നിയമിക്കുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിക്കുന്നതിനാണ് പുതിയ സംവിധാനം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നത്. |

| | | | |
|---|---|---|---|
| ഡി) | മലബാർ ദേവസ്വം നിലവിൽ വരുന്നതിന് മുമ്പ് എച്ച്.ആർ. ആന്റ് സി.ഇ. വകുപ്പിൽ ജീവനക്കാരെ നിയമിച്ചിരുന്നത് പി.എസ്.സി. മുഖേന ആയിരുന്നോ എന്ന് വ്യക്തമാക്കുമോ; | ഡി) & ഇ) | മലബാർ ദേവസ്വം നിലവിൽ വരുന്നതിന് മുൻപ് എച്ച്.ആർ. ആൻറ് സി.ഇ. വകുപ്പിൽ ജിവനക്കാരെ നിയമിച്ചിരുന്നത് പി.എസ്.സി. മുഖേന ആയിരുന്നു. എന്നാൽ ഒരു സെക്കുലർ സ്ഥാപനമായ പി.എസ്.സി. ഹിന്ദുമത സ്ഥാപനങ്ങളായ ദേവസ്വം ബോർഡുകളിലേക്ക് അപേക്ഷ ക്ഷണിച്ച് സെലക്ഷൻ നടത്തുന്നതിലെ അനൗചിത്യം കണക്കിലെടുത്തും 2007–ൽ ബഹു. ഹൈക്കോടതി നിയോഗിച്ച ജസ്റ്റിസ് പരിപൂർണ്ണൻ കമ്മീഷൻെറ റിപ്പോർട്ടിൽ കേരളത്തിലെ ദേവസ്വം ബോർഡുകൾക്ക് വേണ്ടി ഒരു ഏകീകൃത ദേവസ്വം റിക്രൂട്ടുമെൻറ് ബോർഡ് വേണമെന്ന് ശുപാർശ ചെയ്തതിൻെറ അടിസ്ഥാനത്തിലുമാണ് ഏകീകൃത ദേവസ്വം റിക്രൂട്ടുമെൻറ് ബോർഡ് രൂപീകരിക്കാൻ സർക്കാർ തീരുമാനിച്ചത്. |
| ഇ) | ആയിരുന്നെങ്കിൽ പി.എസ്.സിയ്ക്ക് ദേവസ്വം ബോർഡുകളിലെ ജീവനക്കാരെ റിക്രൂട്ട് ചെയ്യാൻ എന്തുകൊണ്ട് നിയമ തടസ്സമുണ്ടാകുമെന്ന് വിശദമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ